**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2803** **06.02.2018-ൽ മറുപടിക്ക്**

**ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി കർമ്മപദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>,, ഡി.കെ. മുരളി<br>,, കെ.ഡി. പ്രസേനൻ<br>,, വി. കെ. സി. മമ്മത് കോയ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; | (എ) ഇതരസംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പ വരുത്തുന്നതിലേക്കായി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആവാസ്) ആരംഭിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 15,000/- രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 70 മെഡിക്കൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയുമുണ്ടായി. 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും നാളിതുവരെ 93 മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിയിട്ടുണ്ട്. തൊഴിൽ ചൂഷണങ്ങൾക്കെതിരെയും ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും ബോധവൽക്കരണം നടത്തുകയുണ്ടായി. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള "ഭവനം ഫൗണ്ടേഷൻ കേരള" നടപ്പിലാക്കി വരുന്ന ഭവന പദ്ധതികളിലൊന്നാണ് "അപ്നാഘർ" പദ്ധതി. ടി പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സൗകര്യമാണ് |

| | |
|---|---|
| | ലഭ്യമാക്കുന്നത്. സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള ഉത്തരവായിട്ടുണ്ട്. |
| (ബി) തദ്ദേശീയരായ തൊഴിലാളികൾക്ക് തൊഴിൽ നിയമങ്ങളിലൂടെ ലഭിക്കുന്ന എല്ലാ പരിരക്ഷയും ഇതര സംസ്ഥാന തൊഴിലാളികൾക്കും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) കരാർ തൊഴിലാളി നിയമം 1970, ഇതരസംസ്ഥാന തൊഴിലാളി നിയമം 1979, ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ആക്ട് (റെഗുലേഷൻ & എംപ്ലോയ്മെന്റ് ഓഫ് സർവ്വീസസ്) 1996, കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1969 എന്നിവ പ്രകാരം തൊഴിൽ വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ ഇതര സംസ്ഥാന തൊഴിലാളികൾ തൊഴിലെടുക്കുന്ന മേഖലകളിൽ പരിശോധന നടത്തുകയും അവർക്ക് അർഹതപ്പെട്ട വേതനം, തൊഴിൽ സുരക്ഷ, ആരോഗ്യ സുരക്ഷ എന്നിവ ഉറപ്പ് വരുത്തുന്നു. തദ്ദേശീയരായ തൊഴിലാളികൾക്ക് ലഭിക്കുന്ന അതേ ആനുകൂല്യങ്ങൾ ഇതരസംസ്ഥാന തൊഴിലാളികൾക്കും ലഭിക്കുന്നുണ്ടോ എന്ന് പരിശോധനാ വേളയിൽ ഉറപ്പുവരുത്തുന്നുണ്ട്. |
| (സി) ഇതര സംസ്ഥാന തൊഴിലാളികൾ വ്യാപകമായി ആക്രമിക്കപ്പെടുന്നുവെന്നും അതിനാൽ അവർ കൂട്ടത്തോടെ സംസ്ഥാനം വിടുന്നു എന്നുമുള്ള വ്യാജപ്രചരണങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) എങ്കിൽ രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള അടിസ്ഥാനരഹിതമായ ഇത്തരം പ്രചാരണങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ പലായനം ചെയ്യു എന്ന വിഷയവുമായി ബന്ധപ്പെട്ട് ബഹു. തൊഴിൽ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ബോധവത്ക്കരണ ക്യാമ്പ് നടത്തുകയുണ്ടായി. ഇതര സംസ്ഥാന തൊഴിലാളികളെ കൊണ്ട് ജോലി ചെയ്യിപ്പിക്കുന്ന വിവിധ സ്ഥാപന ഉടമകൾ, ഇതര സംസ്ഥാന തൊഴിലാളികൾ, കരാറുകാർ, പ്രധാനപ്പെട്ട കെട്ടിട ഉടമകൾ എന്നിവരെ വിളിച്ച് ചേർത്ത് ജില്ലാ കളക്ടർ, സിറ്റി പോലീസ് കമ്മീഷണർ, ജില്ലാ ലേബർ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ ആശയവിനിമയവും ബോധവത്ക്കരണവും നടത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ.